(സി) ബോർഡിനെതിരെയുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ ഇനങ്ങളിലുമായി മൊത്തം മുൻവർഷവും ഈ വർഷവുമായി ആകെ 83,61,801 രൂപ ചെലവായിട്ടുണ്ട്.

വൈദ്യുതിയുടെ നിരക്ക്

6 (4614) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോഴുള്ള മൊത്തം വൈദ്യുതി ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) മറ്റ് സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകുന്നതിന്റെ നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി യൂണിറ്റ് ഒന്നിന് ഈടാക്കുന്ന നിരക്ക് എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോഴുള്ള വൈദ്യുതി ഉല്പാദനം പ്രതിദിനം 22 ദശലക്ഷം യൂണിറ്റാണ്.

(ബി) കായംകുളം നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പകുതി (180 മെഗാവാട്ട്) കേന്ദ്ര നിർദ്ദേശ പ്രകാരം തമിഴ്നാടിന് (എൻ.ടി.പി.സി. നേരിട്ട്) നൽകുന്നുണ്ട്. കൂടാതെ പോണ്ടിച്ചേരിക്കും കർണ്ണാടകയിലെ പവർ ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, ഒ. ആന്റ് എം. സബ്ഡിവിഷൻ മടിക്കേരി എന്നിവർക്കും വൈദ്യുതി നൽകുന്നു. ഇവർക്ക് നൽകുന്ന വൈദ്യുതിയുടെ നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

1. കായംകുളത്തുനിന്ന് തമിഴ്നാടിന് നൽകുന്നത് :
   1. ഫിക്സഡ് ചാർജ്ജ് – 10,82,66,667 രൂപ (പ്രതിമാസം)
   2. ശരാശരി വേരിയബിൾ ചാർജ് (യൂണിറ്റ് ഒന്നിന്) – 267.34 പൈസ
2. പോണ്ടിച്ചേരി (110 കെ.വി.)
   1. ഡിമാന്റ് ചാർജ് – 225 രൂപ (ഒരു കെ.വി.എ.-ക്ക് പ്രതിമാസം)
   2. എനർജി ചാർജ് – 205 പൈസ (യൂണിറ്റ് ഒന്നിന്)
3. കർണ്ണാടക (11 കെ.വി.)
   1. ഡിമാന്റ് ചാർജ് – 255 രൂപ (ഒരു കെ.വി.എ.-യ്ക്ക് പ്രതിമാസം)
   2. എനർജി ചാർജ് – 215 പൈസ (യൂണിറ്റ് ഒന്നിന് പ്രതിമാസം)

(സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly